Religious Conversion.

* 941. [42] SHRI V. V. SEBASTIAN : Will the Minister for Local Self Government be pleased to state :

(a) are persons converted from the Scheduled Castes and Scheduled Tribes to other religions given the same State Aid and Facilities as are now being enjoyed by the Scheduled Castes and Scheduled Tribes ;

(b) if not, why is such discrimination shown ; and

(c) are not members of the Scheduled Castes and Scheduled Tribes now professing other religions, on reconversion to Hinduism, given the same State Aid and Facilities as are given so Scheduled Castes and Scheduled Tribes ?

Minister for Local Self Government (SHRI K. KOCHUKUTTAN) :

(a) No.

(b) According to the existing Rules they are not eligible for such concessions.

(c) Yes.

വാടക നിയന്ത്രണം.

* 942. [45] ശ്രീ. പ്രാക്കുളം ഭാസി : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) സംസ്ഥാനത്തു് ഏതെല്ലാം പട്ടണങ്ങളിൽ വാടക നിയന്ത്രണം നിലവിലുണ്ടു്; എന്തടിസ്ഥാനത്തിലാണു് വാടക നിയന്ത്രണം ഏർപ്പെടുത്തിയതു് ;

(ബി) വാടകനിയന്ത്രണ വ്യാപ്തിയിൽ നിന്നും ഏതെങ്കിലും ടൗണുകളെ ഒഴിവാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ കാരണമെന്തു് ;

(സി) എറണാകുളം പട്ടണത്തിലെ, മുഖ്യമന്ത്രിയുടെ വീടു് വാടകയ്ക്കു് കൊടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തു വാടകയ്ക്കാണു് കൊടുത്തിരിക്കുന്നതു്?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജോൺ) :

(എ) തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോട്ടയം, എറണാകുളം, മട്ടാഞ്ചേരി, തൃശ്ശൂർ, ആലുവാ എന്നീ പട്ടണങ്ങളിൽ വാടക നിയന്ത്രണം നിലവിലുണ്ടു്. മേജർ മുനിസിപ്പാലിറ്റികളോ അല്ലെങ്കിൽ അതുപോലും പ്രാധാന്യമുള്ള പട്ടണമോ എന്ന നിലയിലാണു് ഈ സ്ഥലങ്ങളിൽ നിയന്ത്രണം തുടരുന്നതു്.

(ബി) ഉണ്ടു്. മുൻപറഞ്ഞ സ്ഥലങ്ങളോളം പ്രാധാന്യമില്ലാത്തതുകൊണ്ടു്.

(സി) ഇതേപ്പറ്റിയുള്ള വിവരങ്ങൾ ശേഖരിച്ചുകൊണ്ടിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly